II ഇ.ബി. XIII കേരള നിയമസഭ/II-11

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 13, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**43 (*301) സാമ്പത്തികനില മെച്ചപ്പെടുത്താൻ നടപടി**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) നൽകിയ മറുപടിയിൽ, നികുതിയേതര വരുമാന മാർഗ്ഗങ്ങൾ തേടുന്നതിനൊപ്പം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിലുള്ള നികുതി നിർണ്ണയത്തിലൂടെയും നികുതി ചോർച്ച തടയുന്നതിലൂടെയും നികുതി ഒടുക്കൽ സമ്പ്രദായത്തിന് സുതാര്യതയും ആകർഷണീയതയും ഉറപ്പാക്കി അധിക വിഭവസമാഹരണം കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സഭയെ അറിയിച്ചു. നിശ്ചിത ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകൾക്ക് അധിക സെസ്സ്, പുകയില ഉല്പന്നങ്ങളുടെ നികുതി ഉയർത്തൽ, ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ സെസ്സ് വർദ്ധിപ്പിക്കൽ, സ്വർണ്ണ വില്പനയിലെ കോമ്പൗണ്ടിംഗ് നികുതി വർദ്ധനവ്, ലോട്ടറി എന്നിവയിലൂടെ അധിക വരുമാനം കണ്ടെത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

പാവപ്പെട്ടവർക്കും കാർഷിക-പാരമ്പര്യ തൊഴിലാളികൾക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ബി.പി.എൽ. കുടുംബങ്ങൾക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരി വിതരണം, ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ, കൃത്യമായ വായ്പ തിരിച്ചടവിന് പലിശ സബ്സിഡി, കാലിത്തീറ്റ സബ്സിഡി, കായൽ കർഷകർക്ക് പമ്പിംഗ് സബ്സിഡി, കയർ ഗ്രാമ രൂപീകരണം, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി എന്നിവ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പ്രത്യേക ജനവിഭാഗത്തെ ലക്ഷ്യമാക്കി ആവിഷ്ക്കരിച്ചിട്ടുള്ള കേന്ദ്രപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതാണ്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ആദിവാസികൾക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും തീരദേശ മത്സ്യത്തൊഴിലാളികൾക്കും ഒരു രൂപ നിരക്കിൽ അരി നൽകുന്നതു സംബന്ധിച്ച് പരിശോധിക്കുന്നതാണ്. സെയിൽസ് ടാക്സ് ഇന്റലിജൻസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടാക്സേഷൻ സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിന്മേൽ തീർപ്പ് കല്പിച്ച് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വില്പനയുടെ ഓരോ ഘട്ടത്തിലുമുള്ള കമ്പോളവില പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായും ധനകാര്യ വകുപ്പ് സെക്രട്ടറി, നികുതി വകുപ്പ് സെക്രട്ടറി, ടാക്സസ് കമ്മീഷണർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടാക്സേഷൻ സ്റ്റഡീസിലെ രണ്ട് അംഗങ്ങൾ എന്നിവരടങ്ങിയ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പിരിച്ചെടുക്കുന്ന നികുതികൾ ഏകീകരിച്ച് ജി.എസ്.ടി.യുടെ കീഴിൽ കൊണ്ടുവരുന്നതു സംബന്ധിച്ച് 14-ാം തീയതി നടക്കുന്ന എമ്പവേർഡ് കമ്മിറ്റിയുടെ

യോഗത്തിൽ തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അടുത്തവർഷം ഫോർ സ്റ്റാർ ഹോട്ടലുകൾക്കും 2013-14 മുതൽ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കും മാത്രമേ ബാർ ലൈസൻസ് കൊടുക്കുകയുള്ളൂവെന്നും മാർച്ച് മാസത്തിനുശേഷം ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുകയില്ലെന്നും ഘട്ടംഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ നയമെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് എക്സൈസും തുറമുഖവും വകുപ്പുമന്ത്രി വ്യക്തമാക്കി.

**44 (*302) <u>കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥർ</u>**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) നൽകിയ മറുപടിയിൽ, പോലീസ് സേനയെ കുറ്റവാളികളിൽ നിന്നും വിമുക്തമാക്കി കാര്യക്ഷമവും ജനകീയവുമാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ എ.ഡി.ജി.പി.-മാർ അടങ്ങുന്ന അച്ചടക്ക അവലോകന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ആറുമാസം കൂടുമ്പോൾ ഇത്തരത്തിലുള്ള കേസ്സുകൾ പുന:പരിശോധിച്ച് സമർപ്പിക്കുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ അയോഗ്യരായവരെ കേരളാ പോലീസ് ആക്ട് 2011-ലെ 6-ാം വകുപ്പനുസരിച്ച് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ട്രെയിനികളിലും ട്രെയിനിംഗ് പൂർത്തിയാക്കിയവരിലും ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ മുൻകാലചരിത്രം, സ്വഭാവം, ക്രിമിനൽ കേസുകളുമായുള്ള ബന്ധം എന്നിവ പരിശോധിക്കുന്നതിനായി എ.ഡി.ജി.പി (ഇന്റലിജൻസ്), ഡി.ഐ.ജി (എ.പി. ബറ്റാലിയൻ) എന്നിവർ അംഗങ്ങളായി ഒരു ബോർഡ് രൂപീകരിക്കുകയും ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ട ക്രിമിനൽ കേസ്സുകളുടെ ഡയറികൾ, മുൻകാല വെരിഫിക്കേഷൻ റിപ്പോർട്ടുകൾ, അവരുടെ നിയമനങ്ങൾ എന്നിവ

പരിശോധിച്ച് സംസ്ഥാന പോലീസ് മേധാവിക്ക് നൽകുന്ന റിപ്പോർട്ട് പ്രകാരം അയോഗ്യരായവരെ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രിമിനൽ പശ്ചാത്തലം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗിലുള്ള 68 പേരെ ഒഴിവാക്കുകയും കുറ്റാരോപിതരായ 556 പേരുടെ ലിസ്റ്റ് കോടതിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പോലീസുകാർക്കെതിരെയുള്ള പരാതികളുടെ അന്വേഷണത്തിനും തുടർനടപടികൾക്കുമായി കേരളാ പോലീസ് ആക്ട് 2011-ലെ വിവിധ വകുപ്പുകൾ പ്രകാരം റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല പോലീസ് കംപ്ലയിന്റ് അതോറിറ്റിയും റിട്ടയേർഡ് ജില്ലാ ജഡ്ജിയുടെ നേതൃത്വത്തിൽ ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിറ്റിയും നിലവിലുണ്ട്. ജനങ്ങളോട് അപമര്യാദയായി പെരുമാറുന്ന പോലീസുകാർക്കെതിരെ നടപടിയെടുക്കുമെന്നും പോലീസ് സേനയിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

**45 (*303) ആരാധനാലയങ്ങളുടെ സുരക്ഷ**

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിലെ എല്ലാ പ്രമുഖ ആരാധനാലയങ്ങളിലും സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിച്ച് സംസ്ഥാനതല സുരക്ഷാ കമ്മിറ്റികൾ രൂപീകരിക്കാൻ 2010 ഫെബ്രുവരിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ശ്രീപത്മനാഭ സ്വാമി ക്ഷേത്രം, ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രം, ഗുരുവായൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം എന്നിവയാണ് കേരളത്തിൽ അതീവ സുരക്ഷ അർഹിക്കുന്ന ക്ഷേത്രങ്ങൾ. ശ്രീപത്മനാഭ സ്വാമി ക്ഷേത്ര്ത്തിന്റെ സുരക്ഷയ്ക്കും അമൂല്യ സ്വത്ത് സംരക്ഷണത്തിനുമായി

ഡെപ്യൂട്ടി പോലീസ് കമ്മീഷണറുടെ കീഴിൽ ക്ഷേത്ര പരിസരത്ത് ഒരു സ്പെഷ്യൽ പോലീസ് കൺട്രോൾ റൂമും അഞ്ചുതലത്തിലുള്ള സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുള്ളതോടൊപ്പം ഒരു ടെക്നോളജിക്കൽ സെക്യൂരിറ്റി സിസ്റ്റം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശബരിമലയിൽ ഭക്ത ജനത്തിരക്ക് ക്രമാതീതമായി ഉയരുന്ന സന്ദർഭങ്ങളിൽ അധിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താറുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിൽ സുരക്ഷാ വിഭാഗം ഐ.ജിയുടെയും തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെയും നേതൃത്വത്തിൽ 2007-ൽ വിശദമായ ഒരു സുരക്ഷാ പരിശോധന നടത്തിയിട്ടുണ്ട്. അവിടെ ഭക്തജനങ്ങൾക്ക് ദർശനം നടത്തുന്നതിന് തടസ്സങ്ങൾ ഉണ്ടാകാത്തവിധത്തിൽ സുരക്ഷാ സംവിധാനങ്ങൾ ഫലപ്രദമാക്കുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് പ്രധാന ആരാധനാലയങ്ങളിലെ സുരക്ഷാ ജീവനക്കാർക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുകയും ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുകയും സുരക്ഷാ പരിശോധന നടത്താനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ജില്ലാ പോലീസ് മേധാവികൾക്ക് സർക്കുലർ മുഖേന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സാമുദായിക സൗഹാർദ്ദത്തിന് കളങ്കം വരുത്തുന്ന പ്രവൃത്തികൾ ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലായെന്നും ഇക്കാര്യത്തിൽ കൂട്ടായപ്രവർത്തനമാണ് ആവശ്യമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

**46 (*304) <u>കള്ളനോട്ട് തടയുന്നതിന് നടപടി</u>**

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കള്ളനോട്ട് നിർമ്മാണവും വ്യാപനവും തടയുന്നതിനായി ലോക്കൽ പോലീസും രഹസ്യാന്വേഷണ- ക്രൈം ബ്രാഞ്ച് വിഭാഗങ്ങളും ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഇത് കാര്യക്ഷമമാക്കുന്നതിനുവേണ്ടി ക്രൈംബ്രാഞ്ചിന് കീഴിൽ ഓർഗനൈസ്ഡ് ക്രൈം വിംഗുകൾ രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംശയാസ്പദമായ സ്ഥാപനങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, കടകൾ എന്നിവിടങ്ങളിൽ ആകസ്മികമായ റെയ്ഡുകൾ നടത്തി കള്ളനോട്ടിന്റെ ഉറവിടം കണ്ടെത്തി അതിന്റെ നിർമ്മാണവും വ്യാപനവും തടയുകയും അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ കള്ളനോട്ടുകൾ വ്യാപിക്കുന്നുണ്ടോയെന്ന് അന്വേഷിക്കുകയും ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം 19 കള്ളനോട്ട് കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 6.7.2011-ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പോലീസ്, ഇന്റലിജൻസ് ബ്യൂറോ, റവന്യൂ ഇന്റലിജൻസ്, കസ്റ്റംസ്, എന്നീ വിഭാഗങ്ങളുടെയും റിസർവ് ബാങ്കിന്റെയും പ്രതിനിധികൾ പങ്കെടുത്ത State Level Committee on Counterfeit Notes (SLCCN) –ൽ എല്ലാ ബാങ്കുകളുടേയും എയർപോർട്ട് ബ്രാഞ്ചുകളിൽ നോട്ട് സോർട്ടിംഗ് മെഷീനുകൾ സ്ഥാപിക്കാനും കള്ളനോട്ടു കേസ്സുമായി ബന്ധപ്പെട്ടവർക്ക് കടുത്ത ശിക്ഷ ലഭിക്കത്തക്കവിധത്തിലുള്ള നിയമനിർമ്മാണം നടത്താൻ കേന്ദ്ര ആഭ്യന്തര/ധനകാര്യമന്ത്രാലയങ്ങൾക്ക് ശുപാർശ നൽകാനും നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയുടെ പ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചു

കൊണ്ട് ഒരു പ്രത്യേക യോഗം നടത്താനും തീരുമാനിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2968 മുതൽ 3252 വരെയുള്ള ചോദ്യങ്ങളിൽ 88 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)